പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2850 — 07.02.2018-ൽ മറുപടിക്ക്

## പി.ഡബ്ള്യു.ഡി. റോഡുകൾ വെട്ടിപ്പൊളിച്ച് ചെയ്യുന്ന പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ..പി.സി.ജോർജ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉയർന്ന നിലവാരത്തിൽ രൂപപ്പെടുത്തിയ പി.ഡബ്ളിയു.ഡി. റോഡുകൾ മിക്ക സ്ഥലങ്ങളിലും ജല അതോറിറ്റിയുടെ കുടിവെള്ളപദ്ധതിയുടെ പൈപ്പ് ലൈനുകൾ പോകുന്നതിനായും മറ്റും വെട്ടിപ്പൊളിച്ച് പ്രവൃത്തികൾ ചെയ്യുന്നത് കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പി.ഡബ്ള്യു.ഡി റോഡുകൾ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ പോകുന്നതിനും മറ്റും വെട്ടി പൊളിച്ച് പ്രവൃത്തികൾ ചെയ്യുന്നത് കുറ്റമറ്റതാക്കുവാൻ 05/01/2018-ലെ സ.ഉ(സാധാ) നം.30/2018/പൊ.മ.വ പ്രകാരം റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-33044/29/2015/ S&R(R) തീയതി 22/11/2016 നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. |
| (ബി) | ഇങ്ങനെ റോഡുകൾ വെട്ടിപ്പൊളിയ്ക്കുന്നതിന് പി.ഡബ്ളിയു.ഡി. മുൻകൂർ അനുവാദം നൽകിയാണോ പ്രവൃത്തികൾ ചെയ്യുന്നത്; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഇങ്ങനെ റോഡുകൾ വെട്ടി പൊളിക്കുന്നതിന് പി.ഡബ്ള്യു.ഡി-യുടെ മുൻകൂർ അനുവാദം വാങ്ങിയാണ് പ്രവൃത്തികൾ നടപ്പിലാക്കേണ്ടത്. റോഡിലെ ടാറിംഗ് പൂർത്തിയാക്കിയതിനുശേഷം കുടിവെള്ള പദ്ധതിക്കായി പൈപ്പ് ലൈൻ ഇടുന്നതിനുള്ള അപേക്ഷകൾ നൽകിയാൽ അത് പരിഗണിക്കാതിരിക്കാൻ സാധിക്കുന്നതല്ല. ഇത്തരം സാഹചര്യത്തിൽ റിസ്റ്റോറേഷൻ ചാർജ് വാങ്ങി, കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല ഏകോപന സമിതിയുടെ അനുമതി ലഭിക്കുന്നതനുസരിച്ച് പൈപ്പ് ലൈൻ ഇടുന്നതിനുള്ള |

അനുവാദം നൽകുകയും, പൈപ്പ് ലൈൻ ഇടുന്നതനുസരിച്ച് റിസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുകയുമാണ് ചെയ്യുന്നത്.

| | |
|---|---|
| (സി) ഇപ്രകാരം വെട്ടിപ്പൊളിയ്ക്കുന്ന റോഡുകൾ പിന്നീട് പൂർവ്വസ്ഥിതിയിലാക്കുന്നതിന്റെ ഉത്തരവാദിത്വം ആരുടെതാണെന്ന് വെളിപ്പെടുത്താമോ? | (സി) ഇപ്രകാരം വെട്ടി പൊളിക്കുന്ന റോഡുകളിൽ പൈപ്പ് ലൈനുകൾ ഇട്ടുകഴിഞ്ഞ ശേഷം താൽക്കാലികമായി കുഴികൾ മൂടുന്നതിനുള്ള ചുമതല കുഴികൾ എടുക്കുന്നവരുടെ ഉത്തരവാദിത്വത്തിലാണ്. പൈപ്പ ലൈനുകളുടെ പ്രവൃത്തി പൂർത്തീകരണത്തിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുന:സ്ഥാപിക്കുന്നതാണ്. ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R) തീയതി 22/11/2016 നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ